പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .7731 — 23.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആനുകൂല്യവിതരണങ്ങൾക്കുള്ള തുക കണ്ടെത്തുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിലെ സെക്ഷൻ 4-ൽ പ്രതിപാദിക്കുന്ന വിവിധ വിഭാഗക്കാരിൽ നിന്നും സ്വരൂപിക്കുന്ന അംശാദായവും 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമസെസ്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം വ്യാപാരികളിൽ നിന്നും സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന അവരുടെ മൊത്തം വിറ്റുവരവിന്റെ 1% തുകയും സർക്കാരിൽ നിന്നുള്ള ഗ്രാന്റുമാണ് ബോർഡിന്റെ വരുമാനമാർഗ്ഗം. |
| (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സുപ്രീം കോടതി വിധിയെത്തുടർന്ന് നൽകേണ്ടിയിരുന്ന 25% കുടിശ്ശിക തുക നൽകാത്ത സമുദ്രോൽപ്പന്ന കയറ്റുമതി സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | സുപ്രീം കോടതിയിൽ അപ്പീൽ ഫയൽചെയ്തത് M/s സാഹാ എന്റർപ്രൈസസ് എന്ന കയറ്റുമതി സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനം സെസ്സ് ഇനത്തിൽ അടയ്ക്കേണ്ടിയിരുന്ന 94 ലക്ഷം രൂപ അടയ്ക്കുന്നതിനെതിരെ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് 50% സെസ്സ് തുക അടയ്ക്കുകയാണെങ്കിൽ ബാക്കി 50% പിടിക്കുന്നതിന് കേസ്സ് തീർപ്പാക്കുന്നതുവരെ സ്റ്റേ നൽകുകയും പ്രസ്തുത സിംഗിൾ ബഞ്ച് വിധിക്കെതിരെ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ റിട്ട് അപ്പീൽ നമ്പർ 290/2012 ഫയൽ ചെയ്യുകയും പ്രസ്തുത റിട്ട് അപ്പീലിൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് സെസ്സ് തുകയുടെ 25% അടയ്ക്കുകയാണെങ്കിൽ ബാക്കി തുക അടയ്ക്കുന്നതിന് സ്റ്റേ അനുവദിച്ചുകൊണ്ട് 29/02/2012-ന് വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിധിക്കെതിരെയാണ് ബഹുമാനപ്പെട്ട |

| | | | |
|---|---|---|---|
| | | | സുപ്രീം കോടതിയിൽ SLP.9741/12 ഫയൽ ചെയ്തത് ബഹുമാനപ്പെട്ട സുപ്രീം കോടതി പ്രസ്തുത 25% തുക അടയ്ക്കുന്നതിന് മൂന്നുമാസത്തെ സമയം കൂടി അനുവദിച്ചുകൊണ്ട് 02.04.12 ന് വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ കേസ്സിലെ പരാതിക്കാരായ സാഫാ എന്റർപ്രൈസസ് പ്രസ്തുത കാലാവധിയ്ക്കുള്ളിൽ അപ്രകാരം തുക അടയ്ക്കുകയുണ്ടായില്ല. |
| (സി) | ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾക്ക് തുക അടയ്ക്കാത്തതിനെ തുടർന്ന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | സുപ്രീം കോടതി വിധിയെ തുടർന്ന്, പ്രസ്തുത കേസ്സിലെ പരാതിക്കാരനായ സാഫാ എന്റർപ്രൈസസിന് എതിരെ അപ്രകാരം തുക അടയ്ക്കാതിരുന്നതിന് റവന്യൂ റിക്കവറി നടപടികൾ എടുക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. സുപ്രീം കോടതി വിധിയെ തുടർന്ന് നോട്ടീസ് അയച്ചിട്ടുള്ളത് M/s സാഫാ എന്റർപ്രൈസസിന് മാത്രമാണെങ്കിലും 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സെസ്സ് അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങൾക്കും സെസ്സ് അടയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ഡി) | തുടർന്നും കുടിശ്ശിക അടയ്ക്കാത്ത എത്ര സ്ഥാപനങ്ങളുണ്ടെന്നും ഇവയിൽ നിന്നും തുക ഈടാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) | സുപ്രീം കോടതി വിധിയെ തുടർന്ന് M/s സാഫാ എന്റർ പ്രൈസസിന് നോട്ടീസ് നൽകിയിരുന്നത് റവന്യൂ റിക്കവറി നടപടികൾ വഴി സെസ്സ് തുക പിരിച്ചെടുക്കുന്നതിനാണ്. അപ്രകാരമുള്ള സെസ്സ് തുക അടയ്ക്കാത്തതിന് റവന്യൂ റിക്കവറി നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. മറ്റ് സ്ഥാപനങ്ങളിൽ നിന്നും സെസ്സ് തുക പിരിച്ചെടുക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ